**കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലാ ഗീതം**

ജീവൻ ... ജീവൻ ... ജീവൻ ...
അമൂല്യമാണതിനസ്തിത്വം
അജ്ഞാതമാണതിനാധാരം
അനന്തമപാരമദ്ഭുതകരമാ-
ണതിൻ വികസ്വര വൈവിധ്യം

മൃതിയുടെ കാറ്റിൽ കെടാതെ ഞങ്ങൾ
പരിപാലിക്കും തിരിനാളം
തിരിനാളം തിരിനാളം പരിപാലിക്കും തിരിനാളം

വിശ്വപ്രകൃതിയിൽ യുഗാന്തരങ്ങളിൽ
തുടർന്നുപോരും പരിണാമം.
ജീവൻ ... ജീവൻ ... ജീവൻ ...

നാഡീസ്പന്ദനതാളം താളം
ഹൃദയമിടിപ്പിൻ സ്വരരാഗം
ഇരുട്ടകന്നൊരു ശാസ്ത്രയുഗത്തിൻ
കരങ്ങൾ മീട്ടിയ സംഗീതം

മനോജ്ഞവിസ്മയമാഗാനത്തിനു
ശ്രുതി മീട്ടുന്നവരീ ഞങ്ങൾ
തിരിനീട്ടുന്നവരീ ഞങ്ങൾ...

പ്രപഞ്ചചേതന വസുന്ധരയ്ക്കായ്
കനിഞ്ഞുനൽകിയ സമ്മാനം
ജീവൻ ... ജീവൻ ... ജീവൻ ...

ഓരോ പ്രാണദലങ്ങളിലെഴുതിയ
നിഗൂഢ മന്ത്ര രഹസ്യങ്ങൾ
തിരിച്ചറിഞ്ഞൊരു ശാസ്ത്രമിതെന്നും
തലോടിമാറ്റും വേദനകൾ

നിതാന്തജാഗ്രതയോടരികത്തായ്
കാവൽ നിൽക്കുന്നവർ ഞങ്ങൾ
കൂടെ നിൽക്കുന്നവർ ഞങ്ങൾ

സർവേ ഭവന്തു സുഖിന:

**എഴുതിയത്: റഫീക്ക് അഹമ്മദ്**
**സംഗീതം: വിദ്യാധരൻ**